**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6094** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഇളവനുവദിച്ച് പ്രത്യേകാനുമതി നൽകുന്നതിന് നൽകിയ അപേക്ഷയിൽ അനുമതി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലം ബഹു. എം.എൽ.എ. ശ്രീ. ആന്റണി ജോൺ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിന് കീഴിലെ കീരംപാറ സെക്ഷൻ മുഖേന കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആകെ 10,15,815/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എറണാകുളം ജില്ലാ കളക്ടറുടെ ഓഫീസിലേയ്ക്ക് ഭരണാനുമതിക്കും ഫണ്ട് അനുവദിക്കുന്നതിനും വേണ്ടി 12.01.2024 തീയതിയിൽ കത്ത് നല്കിയിട്ടുണ്ടെന്നും, എന്നാൽ ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിലും വന്യമൃഗങ്ങൾ റോഡിന് കുറുകേ ചാടി അപകടം സ്ഥിരമായി നടക്കുന്നതും കണക്കിലെടുത്ത് ആദിവാസി സമൂഹം അടക്കം അധിവസിക്കുന്ന കുട്ടമ്പുഴയിലേയ്ക്കുള്ള ജനങ്ങളുടെ പ്രധാന യാത്രാമാർഗ്ഗമായ പ്രസ്തുത റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് പ്രത്യേക അനുമതി നൽകുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം മണ്ഡലം ബഹു. എം.എൽ.എ. ശ്രീ. ആന്റണി ജോൺ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിന് കീഴിലെ കീരംപാറ സെക്ഷൻ മുഖേന കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആകെ 10,15,815/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എറണാകുളം ജില്ലാ കളക്ടറുടെ ഓഫീസിലേയ്ക്ക് ഭരണാനുമതിക്കും ഫണ്ട് അനുവദിക്കുന്നതിനും വേണ്ടി 12.01.2024 തീയതിയിൽ കത്ത് നല്കിയിട്ടുണ്ടെന്നും, എന്നാൽ ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ